LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ ഇലക്ട്രോണിക് മാലിന്യങ്ങൾ ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്യും സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ശേഖരിച്ച് സംസ്കരിക്കുകയുമുണ്ടായി. നഗര സൗന്ദര്യവത്ക്കരണ പദ്ധതിയുടെ ഭാഗമായി അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലെക്സ് ബോർഡുകൾ നീക്കം ചെയ്ത് മെറ്റാലിക് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതി 15-01-2015 മുതൽ ആരംഭിക്കുകയുണ്ടായി. റെയിൽവേയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ കീഴിലുള്ള റെയിൽവേ സ്റ്റേഷനുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി.

(ബി) (1) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയമായി പുനഃചംക്രമണവും - വരുമാനം 9,50,000, ചെലവ് 3,80,060 രൂപ

(2) ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയമായി പുനഃചംക്രമണവും - വരുമാനം 30,59,000, ചെലവ് 6,53,000 രൂപ

(3) മെറ്റാലിക് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതി - വരുമാനം 2689,000, ചെലവ് 41,02,000 രൂപ

(4) റെയിൽവേ സ്റ്റേഷനുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ - വരുമാനം 2,67,000, ചെലവ് 2,51,000 രൂപ.

കാസർഗോഡ് വികസന അതോറിറ്റി

110 (3313) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വികസന അതോറിറ്റി നിലവിൽ ഉണ്ടായിരുന്നപ്പോൾ എത്ര ആളുകൾ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്;

(ബി) വായ്പയായി നൽകിയ തുകയുടെയും വായ്പ തിരിച്ചടച്ചവരുടെയും അടയ്ക്കാത്തവരുടെയും ഇനം തിരിച്ചുള്ള കണക്കുകൾ നൽകുമോ;

(സി) ഇപ്പോൾ നിലവിൽ ഇല്ലാത്ത കാസർകോട് വികസന അതോറിറ്റിയിൽ നിന്നും വായ്പ എടുത്തിട്ടുള്ള പലരുടെയും പ്രമാണങ്ങൾ ഇനിയും തിരിച്ചു കിട്ടിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രമാണങ്ങൾ തിരിച്ചു കിട്ടാനുള്ള ആളുകൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ നൽകാമോ; ആയതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് വികസന അതോറിറ്റി നിലവിലുണ്ടായിരുന്നപ്പോൾ ടി അതോറിറ്റിയുടെ പരിധിയിൽപ്പെട്ട കാസർഗോഡ് നഗരസഭാ പരിധിയിലും ഗ്രാമപഞ്ചായത്തുകളിലുമായി ആകെ 267 പേർ വായ്പയെടുത്തിട്ടുണ്ട്.

(ബി) കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ നിന്ന് വായ്പ വാങ്ങിയ 28 പേരിൽ 12 പേർ തുക അടച്ച് തീർത്തിട്ടില്ല. വായ്പയിനത്തിൽ 10,40,978 രൂപ നൽകിയിരുന്നു. ഈയിനത്തിൽ 5,39,000 രൂപ കുടിശ്ശികയുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വായ്പ നൽകിയതിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

ഗ്രാമ പഞ്ചായത്ത്	വായ്പ നൽകിയ തുക	വായ്പ തിരിച്ചടച്ച വരുടെ എണ്ണം	വായ്പ തിരിച്ചടയ്ക്കാത്ത വരുടെ എണ്ണം
മധൂർ ഗ്രാമ പഞ്ചായത്ത്	8,99,000 രൂപ	27	24
ചെമ്മനാട് ഗ്രാമ പഞ്ചായത്ത്	പഞ്ചായത്തിൽ ലഭിച്ച രേഖകളിൽ തുകയുടെ വിവരം ലഭ്യമല്ല.	11	13
ചെങ്കള ഗ്രാമ പഞ്ചായത്ത്	15,38,680 രൂപ	27	9
കുമ്പള ഗ്രാമ പഞ്ചായത്ത്	4,45,000 രൂപ	6	13
മൊഗ്രാൽ-പുത്തൂർ ഗ്രാമ പഞ്ചായത്ത്	10,38,000 രൂപ	21	32
മുളിയാർ ഗ്രാമ പഞ്ചായത്ത്	10,42,500 രൂപ	13	43

ഉണ്ട്. കാസർഗോഡ് നഗരസഭയിൽ 12 പേരുടേയും ഗ്രാമ പഞ്ചായത്തുകളിൽ 131 പേരുടേയും പ്രമാണങ്ങൾ തിരിച്ചുനൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാമ പഞ്ചായത്തുകളിൽ പ്രമാണങ്ങൾ തിരിച്ചുകിട്ടാനുള്ളവരുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു:

പഞ്ചായത്തിന്റെ പേര്	എണ്ണം
മധൂർ ഗ്രാമ പഞ്ചായത്ത്	24
ചെമ്മനാട് ഗ്രാമ പഞ്ചായത്ത്	13
ചെങ്കള ഗ്രാമ പഞ്ചായത്ത്	6
കുമ്പള ഗ്രാമ പഞ്ചായത്ത്	13
മൊഗ്രാൽ-പുത്തൂർ ഗ്രാമ പഞ്ചായത്ത്	32
മുളിയാർ ഗ്രാമ പഞ്ചായത്ത്	43
ആകെ	131

വായ്പയെടുത്തവരുടെ പ്രമാണങ്ങൾ തിരിച്ചുനൽകാൻ വേണ്ട നടപടി നിലവിലെ നിയമമനുസരിച്ച് സ്വീകരിക്കുന്നതാണ്.

നഗരസഭകളുടെ മാസ്റ്റർ പ്ലാൻ

111 (3314) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളുടെ മാസ്റ്റർപ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ആലപ്പുഴ നഗരസഭയുടെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതിയും, വിശദാംശവും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള അംഗീകൃത മാസ്റ്റർ പ്ലാനുകളുടെ പുതുക്കലിനും പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകൾ ആവശ്യമെങ്കിൽ പുതുക്കി തയ്യാറാക്കുന്നതിനും സ്കീം ഫോർ പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻസ് ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമിൽ ഉൾപ്പെടുത്തി നടപടി കൈക്കൊള്ളുന്നു. സംസ്ഥാനത്ത് നിലവിൽ 18 നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ പുതുക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly